## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5794    05.07.2013 - ൽ മറുപടിക്ക്

## തിരുവനന്തപുരം - തിരുനെൽവേലി
## ദേശീയപാത നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.ബി.സത്യൻ<br>ശ്രീ.സി.കൃഷ്ണൻ<br>ഡോ.കെ.ടി.ജലീൽ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ ദേശീയ പാതകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ എന്തെങ്കിലും പരിഗണനയിലുണ്ടോ; | (എ) സംസ്ഥാനത്ത് പുതിയ ദേശീയ പാതകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം - കാട്ടാക്കട – കോട്ടൂർ - അംബാസമുദ്രം - തിരുനെൽവേലി റോഡ് പരിഗണിക്കുന്നതിനായി "എൺവേൺമെന്റൽ ക്ലിയറൻസ്" ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) തിരുവനന്തപുരം - തിരുനെൽവേലി ദേശീയപാത നിർമ്മാണം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (ബി) നിർദ്ദേശം ലഭിച്ചിട്ടില്ല. |

(സി) ഈ പാത യാഥാർത്ഥ്യമാകുമ്പോൾ തിരുവനന്തപുരം - തിരുനെൽവേലി റൂട്ടിൽ എത്ര കി.മീറ്റർ ദൂരം കുറയുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(സി) തിരുവനന്തപുരം - കാട്ടാക്കട – കോട്ടൂർ - അംബാസമുദ്രം - തിരുനെൽവേലി റോഡ് ദേശീയപാതയായി പരിഗണിക്കുകയാണെങ്കിൽ 40 കി.മീ. ദൂരം കുറവു വരുമെന്നാണ് പ്രാഥമികമായി കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ഡി) തിരുവനന്തപുരം - തിരുനെൽവേലി പാതയിലെ ഗതാഗതക്കുരുക്ക് ഇല്ലാതാക്കുന്നതിനും സംസ്ഥാന വാണിജ്യ മേഖലയുടെ വികാസത്തിനും അനിവാര്യമായ ഈ പാതയുടെ നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(ഡി) കേന്ദ്ര സർക്കാരിന്റെ അനുമതിയും പരിസ്ഥിതി, വനം വകുപ്പുകളുടെ ക്ലിയറൻസും ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ